(ബി) ഓരോ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിലും ഓരോ വർഷവും എന്തു മാത്രം തുകയുടെ ക്രയവിക്രയങ്ങൾ നടക്കുന്നുണ്ട് ; ഇതിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ അക്കൗണ്ട്സ് ഓഫീസർമാരെ നിയമിക്കണമെന്ന് വിദ്യാഭ്യാസവകുപ്പ് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയന്റെ ആവശ്യത്തിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ;

(സി) പൂർണ്ണ കേന്ദ്ര സഹായം ലഭ്യമായതുകൊണ്ട് സംസ്ഥാനത്തിന് സാദ്ധ്യതയില്ലാതെ ഈ തസ്തികകൾ ഉടനടി സൃഷ്ടിക്കാനുള്ള ഉത്തരവു നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പതിനാലു ജില്ലകളിലും വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഡി. ഐ. ഇ. റ്റി. എസ്.) പ്രവർത്തിക്കുന്നുണ്ട്. ജില്ലാ പരിശീലന കേന്ദ്രങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ട്.

(ബി & സി) ഓരോ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തിലും ഓരോ വർഷവും ശരാശരി 32,00000 രൂപയുടെ ക്രയവിക്രയങ്ങൾ നടക്കുന്നുണ്ട്. ഈ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകളാണ് നിലവിലുള്ളത്. അക്കൗണ്ട്സ് ഓഫീസർമാരെ നിയമിക്കണമെന്ന വിദ്യാഭ്യാസ വകുപ്പ് മിനിസ്റ്റീരിയൽ സ്റ്റാഫ് യൂണിയന്റെ ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിൽ എച്ച്. എസ്. എ. തസ്തികയിലേക്ക് പി. എസ്. സി. ലിസ്റ്റ്

92 (2967) ശ്രീ. ജോസ് ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എച്ച്. എസ്. എ. സോഷ്യൽ സ്റ്റഡീസ് തസ്തികയിലേക്ക് പി. എസ്. സി. ലിസ്റ്റ് നിലവിലിരിക്കേ എപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാസർഗോഡ് ജില്ലയിൽ എച്ച്. എസ്. എ. തസ്തികയിലേക്ക് നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം എത്രവരെയായി എന്ന് വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ എച്ച്. എസ്. എ. സോഷ്യൽ സ്റ്റഡീസിന്റെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ ഒഴിവുള്ള എച്ച് എസ്. എ. തസ്തികയിലേക്ക് പി. എസ്. സി. ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) റാങ്ക് ലിസ്റ്റിൽ നിന്നും 129-ാം റാങ്ക് വരെ നിയമനമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 5 ഒഴിവുകൾ ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന സ്ക്കൂളുകളിൽ പ്ലസ്ടു അനുവദിക്കാൻ നടപടി

93 (2968) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലകളിലെ സ്ക്കൂളുകളിൽ കൂടുതൽ പ്ലസ്ടു കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഒരു പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യകതയും പിന്നോക്കാവസ്ഥയും കണക്കിലെടുത്താണ് പ്ലസ് ടു കോഴ്സ് അനുവദിക്കുന്നത്.

ഹയർ സെക്കണ്ടറി തലത്തിൽ വേണ്ടത്ര കായികപരിശീലനം

94 (2969) ശ്രീ. പി. എസ്. സുപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി തലത്തിൽ വേണ്ടത്ര കായികപരിശീലനം ലഭിക്കുന്നില്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹയർ സെക്കണ്ടറി സ്ക്കൂളുകളിലെ കുട്ടികളുടെ കായികമായ കഴിവുകളും നേട്ടങ്ങളും നിലനിർത്തുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(സി) ഈ സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ജി. പി. എഡ്., എം. പി. എഡ്. (മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) ബിരുദധാരികളെ ഈ സ്ക്കൂളുകളിൽ കായികാദ്ധ്യാപകരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈസ്ക്കൂളുകളിൽ ലഭ്യമായ സൗകര്യങ്ങൾ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.

(സി & ഡി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly